**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2226 05.12.2018-ൽ മറുപടിക്ക്**

**അരുക്കുറ്റി സി.എച്ച്.സി-യിൽ 24 മണിക്കൂറും ഡോക്ടർമാരുടെ സേവനം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എ.എം. ആരിഫ്** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| (എ) ഒരു നിയോജക മണ്ഡലത്തിൽ കുറഞ്ഞത് ഒരു സി.എച്ച്.സി-യെ എങ്കിലും സി.എച്ച്.സി-യുടെ തത്തുല്യമായ സ്റ്റാഫ് സ്ട്രെങ്ത്തിലും സൗകര്യങ്ങളിലും ഉയർത്തുമെന്ന പ്രഖ്യാപനം നടപ്പിലാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ; | (എ) ആരോഗ്യ വകുപ്പിലെ സ്റ്റാഫ് പാറ്റേൺ ആരോഗ്യ വകുപ്പ് സ്ഥാപനങ്ങളിലെ ഐ.പി വിഭാഗം കിടക്കകളുടെ എണ്ണം മാത്രം ആസ്പദമാക്കിയിട്ടുള്ളതാണ്. 1961-ൽ സ്റ്റാഫ് പാറ്റേൺ നിലവിൽ വന്നതിനു ശേഷം ആരോഗ്യ രംഗത്ത് ആധുനികവും നൂതനവുമായ ചികിത്സാ വിഭാഗങ്ങൾ ആരംഭിക്കുകയുണ്ടായി. അതിനു ശേഷം വിവിധ വിഭാഗം ആരോഗ്യ സ്ഥാപനങ്ങളിൽ നിശ്ചിത മാനദണ്ഡങ്ങളോടെ സ്റ്റാഫ് പാറ്റേണിലുള്ള മാറ്റങ്ങളടക്കം സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനും വികസിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) കിടത്തി ചികിത്സ ദീർഘനാളായി ഉണ്ടായിട്ടും 24 മണിക്കൂർ ഡോക്ടർ സേവനം ലഭിക്കുന്ന ആശുപത്രിയായി ഉയർത്തിയിട്ടില്ല എന്നത് പരിഗണിച്ച് അരൂർ മണ്ഡലത്തിലെ അരുക്കുറ്റി സി.എച്ച്.സി യെ 24 മണിക്കൂർ സേവനം ലഭ്യമാക്കുന്ന ആശുപത്രിയാക്കി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) തൈക്കാട്ടുശ്ശേരി ബ്ലോക്കിലെ ബ്ലോക്ക് സാമൂഹികാരോഗ്യ കേന്ദ്രമായ അരുക്കുറ്റി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ 28 കിടക്കകളും 4 ഡോക്ടർമാരും ഒരു ദന്തൽ സർജനും അടക്കം 35 ജീവനക്കാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. ടി ജീവനക്കാരുടെ സേവനം ഉപയോഗിച്ച് കിടത്തി ചികിത്സാ സൗകര്യമുൾപ്പെടെയുള്ള സേവനം ലഭ്യമാക്കി വരുന്നു. കാൾ ഡ്യൂട്ടി മുഖാന്തിരം 24 മണിക്കൂറും ചികിത്സാ സൗകര്യവും ലഭ്യമാക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**